## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 980** | **05/02/2020-ലെ മറുപടി**

### കേരള വാട്ടർ അതോറിറ്റിയിലെ യു.ഡി. ക്ലർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിൽ കേരള സർവ്വീസ് റൂളും, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂളും (കെ.എസ്.& എസ്.എസ്.ആർ.) ബാധകമാണോ; കേരള വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ക്ലർക്ക് തസ്തികയിൽനിന്നും യു.ഡി. ക്ലർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നൽകുന്നത് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 28 (ബി.ബി.ബി.) എന്ന മാനദണ്ഡം പാലിച്ചാണോ; | (എ). ബാധകമാണ്.<br>കേരള വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും യു.ഡി ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് KS&SSR റൂൾസിലെ 28 (bbb) എന്ന മാനദണ്ഡം പാലിച്ചാണ്. എന്നാൽ ചില അവസരങ്ങളിൽ എൽ ഡി ക്ലാർക്കിൽ നിന്നും യു ഡി ക്ലാർക്കിലേക്ക് സ്ഥാനക്കയറ്റം നൽകിയപ്പോൾ പ്രസ്തുത ചട്ടം പാലിച്ചിട്ടില്ല. |
| (ബി) കേരള വാട്ടർ അതോറിറ്റിയിൽ യു.ഡി. ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോഴും, യു.ഡി. ക്ലർക്ക് തസ്തികയിലെ റീ-അസൈൻമെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോഴും കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 28 (ബി.ബി.ബി.) എന്ന മാനദണ്ഡം പാലിച്ചിട്ടുണ്ടോ; | (ബി) കേരള വാട്ടർ അതോറിറ്റിയിൽ യു.ഡി ക്ലാർക്ക് തസ്തികയിലെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോഴും, യു.ഡി ക്ലാർക്ക് തസ്തികയിലെ റീ അസൈൻമെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോഴും, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 28 (bbb) എന്ന മാനദണ്ഡം പാലിച്ചിട്ടുണ്ട്. |
| (സി) 2005 മുതൽ 2019 വരെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് | (സി) 2005 മുതൽ 2010 വരെ KS&SSR ലെ റൂൾ 28 (bbb) അനുസരിച്ച് ഒരു ഫൈനൽ |

| | | | |
|---|---|---|---|
| | റൂൾസിലെ റൂൾ 28 (ബി.ബി.ബി.) മാനദണ്ഡം പാലിച്ച് യു.ഡി. ക്ലർക്ക് തസ്തികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (റീ-അസൈൻമെന്റ് ലിസ്റ്റ് ഉൾപ്പെടെ) ലിസ്റ്റുകളുടെ എണ്ണവും നമ്പറുംതീയതിയും വ്യക്തമാക്കാമോ; | | സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നമ്പർ: KWA/JB/E9/3947/2013 തീയതി 01/01/2014. |
| ഡി) | കേരള വാട്ടർ അതോറിറ്റിയിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 28 (ബി.ബി.ബി.) എന്ന മാനദണ്ഡം യു.ഡി. ക്ലർക്ക് തസ്തികയിൽ പാലിച്ചിട്ടില്ലായെങ്കിൽ പാലിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത റൂളിലെ കെ.എസ്.& എസ്.എസ്.ആർ. ലെ 28 (ബി.ബി.ബി.) മാനദണ്ഡം യു.ഡി. ക്ലർക്ക് സീനിയോറിറ്റി ലിസ്റ്റിൽ പാലിക്കുന്നില്ല എന്ന് കാണിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥർ നിവേദനങ്ങളോ പരാതികളോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ആയതിന്മേൽ ബന്ധപ്പെട്ട അധികാരികൾ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ഡി) | ചില അവസരങ്ങളിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും യു.ഡി ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നടത്തിയപ്പോൾ പ്രസ്തുത ചട്ടം പാലിച്ചതായി കാണുന്നില്ല. അതിന്റെ കാരണം പരിശോധിച്ചുവരുന്നു. കേരള വാട്ടർ അതോറിറ്റിയിൽ റൂൾ 28 bbb പാലിക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ നിവേദനങ്ങളും പരാതികളും നൽകിയിട്ടുണ്ട്. നിലവിൽ യു.ഡി ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റുമായി ബന്ധപ്പെട്ട കേസ്സുകൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത കേസുകളുടെ അന്തിമ വിധിക്കനുസൃതമായി, പരാതികളിന്മേൽ ഉചിതമായ തീർപ്പ് കൽപ്പിക്കുന്നതാണ്. |
| (ഇ) | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 28 (ബി.ബി.ബി.) എന്ന മാനദണ്ഡം കേരള വാട്ടർ അതോറിറ്റിയിൽ പാലിക്കുന്നില്ലായെങ്കിൽ പ്രസ്തുതനിയമത്തിലെ മാനദണ്ഡം നടപ്പിലാക്കുവാനുള്ള കർശനനിർദ്ദേശം സർക്കാർ കേരള വാട്ടർ അതോറിറ്റിക്ക് നൽകുമോ; കൂടാതെ, പ്രസ്തുതനിയമം പാലിക്കാതെ പ്രസിദ്ധീകരിച്ചിട്ടുള്ള | (ഇ) | ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ച് ചട്ടങ്ങൾക്കനുസൃതമായി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | സീനിയോറിറ്റി ലിസ്റ്റുകൾ നിയമാനുസൃതം തിരുത്തുവാനുള്ള നിർദ്ദേശം സർക്കാർ കേരള വാട്ടർ അതോറിറ്റിക്ക് നൽകുമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ